**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 780** **10-06-2021 - ൽ മറുപടിയ്ക്ക്**

**പേരാമ്പ്ര ബൈപ്പാസിന്റെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റ്റി.പി .രാമകൃഷ്ണൻ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | പേരാമ്പ്ര ബൈപ്പാസിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികൾ പൂർത്തിയാക്കി എന്ന് വ്യക്തമാക്കുമോ; | (എ) | പേരാമ്പ്ര ബൈപ്പാസിന്റെ നിർമ്മാണത്തിനാവശ്യമായ ഭൂമി പൂർണ്ണമായും RFCTLARR ACT 2013 പ്രകാരവും, അനുരഞ്ചന വ്യവസ്ഥ പ്രകാരം ആധാരങ്ങൾ രജിസ്റ്റർ ചെയ്തും കൈവശക്കാരിൽ നിന്നും ഏറ്റെടുക്കുകയുണ്ടായി. പ്രവൃത്തി ടെണ്ടർ ചെയ്യുകയും 04.06.2021-ന് ലെറ്റർ ഓഫ് അക്സെപ്റ്റൻസ് നൽകുകയുമുണ്ടായി. |
| (ബി) | ഭൂമി ഏറ്റെടുക്കലിനും റോഡ് നിർമ്മാണത്തിനുമായി എത്ര തുക വീതം വകയിരുത്തിയിട്ടുണ്ടെന്നും സ്ഥല ഉടമകൾക്ക് എത്ര തുക നൽകിയിട്ടുണ്ടെന്നും ഇനി എത്ര പേർക്ക് നൽകാനുണ്ടെന്നും വ്യക്തമാക്കുമോ; | (ബി) | ഭൂമി ഏറ്റെടുക്കലിന് 27.60 കോടി രൂപ ലാൻഡ് അക്വിസിഷൻ ഓഫീസർക്ക് കൈമാറുകയും എല്ലാ ഭൂവുടമകൾക്കും പൂർണ്ണമായി നഷ്ടപരിഹാരം നൽകുകയുമുണ്ടായി. ഇനി ആർക്കും തന്നെ ബാക്കി തുക നൽകാനില്ല. റോഡ് നിർമ്മിക്കുന്നതിനായി 19.69 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (സി) | ബൈപ്പാസ് നിർമ്മാണത്തിന് ഇനി എന്തൊക്കെ നടപടി പൂർത്തിയാക്കാനുണ്ടെന്നും പ്രവൃത്തി എപ്പോൾ ആരംഭിക്കും എന്നും വ്യക്തമാക്കുമോ? | (സി) | ലെറ്റർ ഓഫ് അക്സെപ്റ്റൻസ് നൽകിയതിനാൽ നിർമ്മാണ പ്രവൃത്തി 2021 ജൂൺ അവസാനം ആരംഭിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ